LIBRARY ARCHIVES Kerala Legislative Assembly

വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് നടപടി

52 (4634) ശ്രീ. ബാബു എം പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുന്നംകുളം മണ്ഡലത്തിലെ വിവിധ സെക്ഷനുകൾക്കു കീഴിൽ ഏതെല്ലാം മേഖലയിലാണ് വോൾട്ടേജ് ക്ഷാമം അനുഭവപ്പെടുന്നതായിട്ട് കെ.എസ്.ഇ.ബി. കണ്ടെത്തിയിട്ടുള്ളത് ;

(ബി) മണ്ഡലത്തിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എന്തു നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) പെരുമ്പിലാവ് ഇലക്ട്രിക്കൽ സെക്ഷന് കീഴിൽ മുട്ടിപ്പാലം, ഒറ്റപ്പിലാവ് എന്നീ സ്ഥലങ്ങളിൽ വോൾട്ടേജ് ക്ഷാമം അനുഭവപ്പെടുന്നതായി കണ്ടെത്തിയിട്ടുണ്ട്.

(ബി) മുട്ടിപ്പാലം എന്ന സ്ഥലത്ത് 610 മീറ്റർ 11 കെ.വി.ലൈൻ നിർമ്മിച്ച് ഒരു 100 കെ.വി.എ. ട്രാൻസ്ഫോർമർ സ്ഥാപിക്കുന്ന പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. അത് ചാർജ്ജ് ചെയ്യുന്നതോടുകൂടി പ്രസ്തുത പ്രദേശത്തെ വോൾട്ടേജ് ക്ഷാമം പരിഹരിക്കപ്പെടുന്നതാണ്. ഒറ്റപ്പിലാവിൽ 700 മീറ്റർ 11 കെ.വി ലൈൻ നിർമ്മിച്ച് നിലവിലുള്ള പെരുമ്പിലാവ് ഫീഡറും എരമംപ്പെട്ടി സബ്സ്റ്റേഷനിൽനിന്നുള്ള കടങ്ങോട് ഫീഡറുമായി ബന്ധിപ്പിക്കുന്ന പ്രവൃത്തി പൂർത്തീകരിച്ച് വരികയാണ്. ഇത് പൂർത്തീകരിക്കുന്നതോടുകൂടി ഈ പ്രദേശത്തെ വോൾട്ടേജ് ക്ഷാമവും പരിഹരിക്കപ്പെടുന്നതാണ്.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കുന്നംകുളം മണ്ഡലത്തിനു കീഴിൽ വിവിധ സെക്ഷനുകളിലായി വോൾട്ടേജ് ഇംപ്രൂവ്മെന്റ്/സിസ്റ്റം ഇംപ്രൂവ്മെന്റ് സ്കീമുകളിലായി 32.177 കി.മീ 11 കെ.വി.ലൈൻ, 59 ട്രാൻസ്ഫോർമറുകൾ 89.056 കി.മീ എൽ.റ്റി. ലൈൻ റീ-കണ്ടക്ടറിംഗ്, 9.95 കി.മീ 11 കെ.വി. റീ-കണ്ടക്ടറിംഗ് 73.26 കി.മീ സിംഗിൾ ഫേസ് റ്റു ത്രീ ഫേസ് കൺവർഷൻ എന്നീ പണികൾ പൂർത്തിയാക്കിയിട്ടുണ്ട്.

കൊട്ടാരക്കര മണ്ഡലത്തിലെ കെ.എസ്.ഇ.ബി. സെക്ഷൻ ആഫീസുകൾ

53 (4635) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊട്ടാരക്കര നിയോജകമണ്ഡലത്തിലെ കെ.എസ്.ഇ.ബി. സെക്ഷൻ ആഫീസുകൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(ബി) ഓരോ സെക്ഷന്റേയും പരിധിയിൽ എത്ര ഗുണഭോക്താക്കൾ ഉണ്ട് ;

(സി) നിയോജക മണ്ഡലത്തിൽ പുതിയ സെക്ഷൻ ആഫീസുകൾ ആരംഭിക്കണമെന്ന ശിപാർശ പരിഗണനയിൽഉണ്ടോ ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

ഉത്തരം

(എ & ബി)

ക്രമ നമ്പർ	സെക്ഷൻ ഓഫീസുകൾ	ഗുണഭോക്താക്കളുടെ എണ്ണം
(1)	(2)	(3)
1	കൊട്ടാരക്കര വെസ്റ്റ്	16146
2	കൊട്ടാരക്കര ഈസ്റ്റ്	12605
3	കുളക്കട	9000
4	പുത്തൂർ	16892
5	എഴുകോൺ	15700
6	പെരുമ്പുഴ	21028
7	നല്ലില	9100
8	വെളിയം	19115
9	ചെങ്ങമനാട്	751
10	വാളകം	16752
11	പട്ടാഴി	1500

(സി) കൊട്ടാരക്കര മണ്ഡലത്തിലെ പെരുമ്പുഴ, എഴുകോൺ എന്നീ സെക്ഷൻ ഓഫീസുകൾ വിഭജിച്ച് കുഴിമതിക്കാട് സെക്ഷൻ ഓഫീസ് ആരംഭിക്കുന്നതിനുള്ള നിർദ്ദേശം പരിശോധിച്ചിരുന്നു. എന്നാൽ സെക്ഷൻ ഓഫീസുകൾ അനുവദിക്കുന്നതിന് ബോർഡ് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾക്കുള്ളിൽ ഉൾപ്പെടാത്തതിനാൽ കുഴിമതിക്കാട് പുതിയ സെക്ഷൻ ഓഫീസ് രൂപീകരിക്കുന്നകാര്യം ഇപ്പോൾ പരിഗണനയിലില്ല.

LIBRARY ARCHIVES Kerala Legislative Assembly